ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 10.08.2024** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. ത്രിരാഷ്ട്ര സന്ദർശനത്തിന്റെ അവസാനപാദത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു തിമോർ ലെസ്തെയിലെത്തി.

   **President Droupadi Murmu arrives in Timor-Leste on the last leg of her three-nation visit.**

2. പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് കേരളത്തിൽ. വയനാട്ടിലെ ദുരന്ത ബാധിത മേഖലകൾ സന്ദർശിക്കും.

   **PM Narendra Modi will visit the landslide hit areas of Wayanad district in Kerala today.**

3. പ്രധാൻമന്ത്രി ആവാസ് യോജനയ്ക്ക് കീഴിൽ മൂന്ന് കോടി പുതിയ വീടുകൾ നിർമ്മിക്കാൻ കേന്ദ്ര മന്ത്രിസഭാ യോഗ തീരുമാനം. ഏഴു സംസ്ഥാനങ്ങളിൽ 24,657 കോടി രൂപയുടെ എട്ട് റെയിൽവേ പദ്ധതികൾക്കും അംഗീകാരം.

   **Union Cabinet decides to constructs three crore new houses under the Pradhan Mantri Awas Yojana; eight railway projects worth Rs 24,657 crore approves in seven states.**

4. പാരീസ് ഒളിമ്പിക്സിൽ ഇന്ത്യയ്ക്ക് ആറാം മെഡൽ. പുരുഷ വിഭാഗം 57 കിലോഗ്രാം ഗുസ്തിയിൽ അമൻ സെഹ്‌രാവത്തിന് വെങ്കലം.

   **In Paris Olympics, Sixth medal for India; Aman Sehrawat wins bronze in men's 57 kg wrestling.**

5. ബ്രസീലിൽ ജനവാസ മേഖലയിൽ യാത്രാ വിമാനം തകർന്ന് 61 മരണം.

   **Passenger Plane crashes in Brazil leaves 61 people dead**

***************************

## PREZ-TIMOR

ത്രിരാഷ്ട്ര സന്ദർശനത്തിന്റെ അവസാന ഘട്ടത്തിന്റെ ഭാഗമായി രാഷ്ട്രപതി ദ്രൗപദി മുർമു തിമോർ ലെസ്തെയിലെ ഡിലിയിൽ എത്തി. തിമോർ ലെസ്തെയിലെ ഉന്നത നേതൃത്വവുമായി രാഷ്ട്രപതി ഉഭയകക്ഷി ചർച്ച നടത്തും. ഐ ടി, ഡിജിറ്റലൈസേഷൻ, ആരോഗ്യസംരക്ഷണം, കൃഷി തുടങ്ങിയ മേഖലകളിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള സഹകരണം സംബന്ധിച്ച് തിമോർ ലെസ്തെ പ്രസിഡന്റുമായും പ്രധാനമന്ത്രിയുമായും രാഷ്ട്രപതി ചർച്ച നടത്തും. കൂടാതെ ഇന്ത്യൻ സമൂഹവുമായും ശ്രീമതി മുർമു സംവദിക്കും. തിമോർ ലെസ്തെ സന്ദർശിക്കുന്ന ഇന്ത്യയിൽ നിന്നുള്ള ആദ്യ രാഷ്ട്രത്തലവനാണ് ശ്രീമതി മുർമു.

***************************

## PM KERALA VISIT-1

ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാൻ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് വയനാട് സന്ദർശിക്കും. രാവിലെ 11 മണിയോടെ കണ്ണൂരിലെത്തുന്ന അദ്ദേഹം തുടർന്ന് വയനാട്ടിലെ ഉരുൾപൊട്ടൽ ബാധിത പ്രദേശത്തിന്റെ വ്യോമ നിരീക്ഷണം നടത്തും. ഉച്ചയ്ക്ക് 12:15 ഓടെ ഉരുൾപൊട്ടൽ ബാധിത പ്രദേശം പ്രധാനമന്ത്രി സന്ദർശിക്കും. ദുരിതാശ്വാസ ക്യാമ്പും ആശുപത്രിയും ശ്രീ മോദി സന്ദർശിക്കും. മണ്ണിടിച്ചിലിൽ മരിച്ചവരുടെ ആശ്രിതരുമായും അതിജീവിച്ചവരുമായും പ്രധാനമന്ത്രി ആശയവിനിമയം നടത്തും. തുടർന്ന് പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ ചേരുന്ന അവലോകന യോഗത്തിൽ ഇപ്പോൾ നടക്കുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങളെക്കുറിച്ചും വിശദീകരിക്കും.

***************************

## PM KERALA VISIT-2

മുണ്ടക്കൈ - ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിൽ പരിക്കേറ്റ് ഡോ. മൂപ്പൻസ് മെഡിക്കൽ കോളേജിൽ ചികിത്സയിൽ കഴിയുന്നവരെ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് സന്ദർശിക്കും. ഗവർണർ ആരിഫ് മുഹമ്മദ് ഖാനും മുഖ്യമന്ത്രി പിണറായി വിജയനും മറ്റു മന്ത്രിമാരും അദ്ദേഹത്തെ അനുഗമിക്കും. ചികിത്സ തേടിയവരിൽ 48 പേർ ഇപ്പോഴും ആശുപത്രിയിൽ തുടരുകയാണ്. പ്രധാനമന്ത്രിയുടെ സന്ദർശനാർത്ഥം പ്രത്യേക സുരക്ഷാ ക്രമീകരണങ്ങൾ ആശുപത്രിയിൽ സജ്ജീകരിച്ചിട്ടുണ്ട്. ഒപ്പം ഒ.പി സേവനങ്ങൾ രാവിലെ 8.30 മുതൽ 11 മണിവരെ മാത്രമായിരിക്കും.

*****************************

## PM VISIT-RESCUE

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ സന്ദർശനത്തോടനുബന്ധിച്ച് വയനാട് ജില്ലയിൽ കർശന നിയന്ത്രണങ്ങളുള്ളതിനാൽ മുണ്ടക്കൈ, ചൂരൽമല തുടങ്ങി ദുരന്തബാധിത പ്രദേശങ്ങളിൽ ഇന്ന് തെരച്ചിൽ ഉണ്ടാകില്ലെന്ന് ജില്ലാ കളക്ടർ ഡി.ആർ. മേഘശ്രീ അറിയിച്ചു. സന്നദ്ധ പ്രവർത്തകർ, തെരച്ചിലുമായി ബന്ധപ്പെട്ട മറ്റുള്ളവർ തുടങ്ങിയവർക്ക് ദുരന്തബാധിത പ്രദേശങ്ങളിൽ പ്രവേശനം ഉണ്ടാകില്ല. നാളെ ജനകീയ തെരച്ചിൽ പുനരാരംഭിക്കുമെന്നും ജില്ലാ കളക്ടർ അറിയിച്ചു.

*****************************

## CABINET SUB-COMMITTEE

വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസത്തിന് 2,000 കോടി രൂപയുടെ കേന്ദ്ര സഹായം തേടുമെന്ന് മന്ത്രിസഭാ ഉപസമിതി. ദുരിതാശ്വാസ ക്യാമ്പുകളിലുള്ളവരെ വീടുകളിലേക്ക് മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടി ഉടൻ ആരംഭിക്കുമെന്നും

ഇതിനായി സർക്കാർ ക്വാർട്ടേഴ്സുകൾ ഉൾപ്പെടെ 125 ഓളം വീടുകൾ കണ്ടെത്തിയതായും ഉപസമിതി അറിയിച്ചു. ശുചീകരണ പ്രവർത്തനങ്ങൾക്ക് കുറഞ്ഞത് 90 ദിവസം വേണ്ടി വരും. ദുരന്ത ബാധിതർക്ക് സമാശ്വാസ തുക അടിയന്തരമായി നൽകേണ്ടതുണ്ടെന്നും ഉപസമിതി അറിയിച്ചു.

****************************

## OVERALL CABINET (INTRO)

പ്രധാനമന്ത്രി ആവാസ് യോജന-അർബൻ 2.0 പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. 2024-25 മുതൽ 2028-29 വരെയുള്ള സാമ്പത്തിക വർഷത്തിൽ പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമിൺ നടപ്പാക്കുന്നതിനും മന്ത്രിസഭ അനുമതി നൽകി.

**വിശദാംശങ്ങളിലേയ്ക്ക്.....**

**(വോയിസ്)**

## OVERALL CABINET (VOICE)

പ്രധാനമന്ത്രി ആവാസ് യോജനയ്ക്ക് കീഴിൽ മൂന്ന് കോടി പുതിയ വീടുകൾ നിർമ്മിക്കുമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് ഇന്നലെ മാധ്യമങ്ങളോട് പറഞ്ഞു. ഇതിൽ രണ്ട് കോടി വീടുകൾ ഗ്രാമപ്രദേശങ്ങളിലും ഒരു കോടി നഗരപ്രദേശങ്ങളിലുമാണ് നിർമിക്കുക. പദ്ധതിക്കായി മൂന്ന് ലക്ഷത്തി 60,000 കോടി രൂപ ബജറ്റിൽ വകയിരുത്തുമെന്നും അദ്ദേഹം പറഞ്ഞു. പദ്ധതി പ്രകാരം നഗരപ്രദേശങ്ങളിൽ വർക്കിംഗ് വിമൻ ഹോസ്റ്റൽ എന്ന വ്യവസ്ഥയുണ്ടെന്നും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗം, ലോ ഇൻകം ഗ്രൂപ്പ്, മിഡിൽ ഇൻകം ഗ്രൂപ്പ് എന്നീ വിഭാഗങ്ങൾക്ക് ഇതിനായി ഭവനവായ്പയ്ക്ക് 25 ലക്ഷം രൂപ വരെ പലിശ സബ്സിഡി നൽകുമെന്നും മന്ത്രി പറഞ്ഞു. കൃഷി, കർഷക ക്ഷേമ മന്ത്രാലയം നിർദ്ദേശിച്ച ക്ലീൻ പ്ലാന്റ് പ്രോഗ്രാമിന് സർക്കാർ അംഗീകാരം നൽകി. ആയിരത്തി 765 കോടിയിലധികം

രൂപയുടെ ഗണ്യമായ നിക്ഷേപത്തോടെ, ഈ സംരംഭം ഇന്ത്യയിലെ ഹോർട്ടികൾച്ചർ മേഖലയിൽ വിപ്ലവം സൃഷ്ടിക്കുമെന്നും മികവിനും സുസ്ഥിരതയ്ക്കും പുതിയ മാനദണ്ഡങ്ങൾ സ്ഥാപിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും ശ്രീ വൈഷ്ണവ് പറഞ്ഞു. നൂതന ജൈവ ഇന്ധന പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി പരിഷ്കരിച്ച പ്രധാനമന്ത്രി ജി-വൻ യോജനയ്ക്കും മന്ത്രിസഭ അംഗീകാരം നൽകി.

ന്യൂസ് ഡെസ്ക് ആകാശവാണി......

***************************

## CCEA-RAILWAYS

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ ചേർന്ന കേന്ദ്ര മന്ത്രിസഭയുടെ സാമ്പത്തികകാര്യ സമിതി റെയിൽവേ മന്ത്രാലയത്തിന്റെ 24,657 കോടി രൂപയുടെ എട്ട് പദ്ധതികൾക്ക് അംഗീകാരം നൽകി. ഒഡീഷ, മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ്, ഝാർഖണ്ഡ്, ബീഹാർ, തെലങ്കാന, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ ഉൾപ്പെട്ടതാണ് പദ്ധതികൾ. അഭിലാഷ ജില്ലകൾക്കും ഗോത്രവർഗ മേഖലകൾക്കും ഈ പദ്ധതികളിലൂടെ വലിയ വികസനം ലഭിക്കുമെന്ന് കേന്ദ്രമന്ത്രി അശ്വനി വൈഷ്ണവ് പറഞ്ഞു. കാർഷികോൽപ്പന്നങ്ങൾ, വളം, കൽക്കരി, ഇരുമ്പയിര്, ഉരുക്ക്, സിമൻറ് തുടങ്ങിയവയുടെ ഗതാഗതത്തിന് ആവശ്യമായ പാതകളാണ് നടപ്പാക്കുന്നത്.

***************************

## PARIS OLYMPICS (INTRO)

പാരീസ് ഒളിന്പിക്സ് പുരുഷ വിഭാഗം 57 കിലോഗ്രാം ഗുസ്തിയിൽ ഇന്ത്യയുടെ അമൻ സെഹ്റാവത്തിന് വെങ്കലം. പോർട്ടറിക്കോയുടെ ഡാരിയൻ ക്രൂസിനെ തകർത്താണ് വെങ്കല നേട്ടം. ഇന്ത്യയുടെ

ആറാം മെഡലാണിത്. വിശദാംശങ്ങളുമായി പാരീസിൽ നിന്നും ആകാശവാണിക്കു വേണ്ടി **വി.ശിവകുമാർ....**

***************************

## NEW PREZ PM- AMAN SEHRAWAT

പാരീസ് ഒളിമ്പിക്സിൽ പുരുഷന്മാരുടെ ഫ്രീസ്റ്റൈൽ ഗുസ്തിയിൽ വെങ്കല മെഡൽ നേടിയ ഇന്ത്യൻ ഗുസ്തി താരം അമൻ സെഹ്‌രാവത്തിനെ രാഷ്ട്രപതി ദ്രൗപദി മുർമുവും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖറും പ്രധാനമന്ത്രി നരേന്ദ്ര മോദിയും അഭിനന്ദിച്ചു. ഗെയിംസിലെ ഏറ്റവും പ്രായം കുറഞ്ഞ പുരുഷ ഗുസ്തി താരങ്ങളിൽ ഒരാളായ അമന് പ്രതീക്ഷ നൽകുന്ന ഭാവിയാണ് മുന്നിലുള്ളതെന്ന് രാഷ്ട്രപതി പറഞ്ഞു. അമന്റെ അചഞ്ചലമായ അർപ്പണബോധവും സ്ഥിരോത്സാഹവും ആഗോളതലത്തിൽ രാജ്യത്തിന് അഭിമാനം പകർന്നുവെന്ന് ഉപരാഷ്ട്രപതി വ്യക്തമാക്കി. രാജ്യം മുഴുവൻ അമൻ സെഹ്‌രാവത്തിന്റെ ശ്രദ്ധേയമായ നേട്ടം ആഘോഷിക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു.

***************************

## PARIS OLYMPICS

പാരീസ് ഒളിമ്പിക്സിൽ ഗെയിംസിനത്തിൽ ഇന്ത്യയുടെ ശേഷിക്കുന്ന മത്സരാർത്ഥിയായ ഗുസ്തി താരം റീതിക ഹൂഡ ഇന്ന് വനിതകളുടെ 76 കിലോഗ്രാം ഫ്രീസ്റ്റൈൽ ഇനത്തിൽ മത്സരിക്കും. 22 കാരിയായ താരം ഹംഗറിയുടെ ബെർണാഡെറ്റ് നാഗിയെയാണ് ആദ്യ റൗണ്ടിൽ നേരിടുക. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 2:30 നാണ് മത്സരം. ഗോൾഫിൽ, ഇന്നലെ മികച്ച പ്രകടനങ്ങൾ കാഴ്ച വെയ്ക്കാൻ സാധിക്കാത്ത അദിതി അശോകും ദിക്ഷ ദാഗറും ഇന്ന് വനിതാ വിഭാഗത്തിന്റെ അവസാന റൗണ്ടിൽ മത്സരിക്കും. 33ാം-മത് ഒളിമ്പിക്സിന് നാളെ പാരീസിൽ സമാപനമാകും.

***************************

## BRAZIL PLANE CRASH

ബ്രസീലിൽ ജനവാസ മേഖലയിൽ യാത്രാ വിമാനം തകർന്ന് 61 മരണം. സാവോ പോളോയ്ക്ക് സമീപം ഇന്നലെ രാത്രിയായിരുന്നു അപകടം. പ്രദേശത്തെ ഒരു വീട് പൂർണമായും തകർന്നു. എന്നാൽ താമസക്കാർക്ക് ആർക്കും പരിക്കേറ്റില്ല. 57 യാത്രക്കാരും 4 ജീവനക്കാരും വിമാനത്തിൽ ഉണ്ടായിരുന്നതായി ബ്രസീലിയൻ വിമാന കമ്പനി അറിയിച്ചു. സാവോ പോളോ വിമാനത്താവളത്തിലേക്ക് പോകുകയായിരുന്ന വിമാനത്തിന്റെ നിയന്ത്രണം നഷ്ടപ്പെട്ടാണ് അപകടം ഉണ്ടായത്.

***************************

## JAISHANKAR-MALDIVES

വിവിധ മേഖലകളിലെ താത്പര്യവും ക്ഷേമവും അടിസ്ഥാനമാക്കി യോജിച്ചു പ്രവർത്തിക്കുന്നതാണ് ഇന്ത്യ - മാൽഡീവ്സ് സഹകരണത്തിന്റെ അടിത്തറയെന്ന് വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ. മാൽഡീവ്സ് വിദേശകാര്യ മന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയ്ക്ക് ശേഷം വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സുരക്ഷ, വ്യാപാരം, ഡിജിറ്റൽ സഹകരണം തുടങ്ങിയ മേഖലകളിൽ ഫലപ്രദമായ ചർച്ചകളാണ് നടന്നതെന്ന് ശ്രീ ജയ്ശങ്കർ സമൂഹ മാധ്യമത്തിൽ അറിയിച്ചു. മാനസിക ആരോഗ്യം, കുട്ടികൾക്കുള്ള സ്പീച്ച് തെറാപ്പി, പ്രത്യേക വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലെ ആറ് വികസന പദ്ധതികൾ ഇരുനേതാക്കളും ചേർന്ന് ഉദ്ഘാടനം ചെയ്തു. National Payments Corporation of India യും, മാൽഡീവ്സ് സാമ്പത്തിക വികസന - വ്യാപാര മന്ത്രാലയവും ചേർന്ന് ആരംഭിക്കുന്ന ഡിജിറ്റൽ പണമിടപാട് സംവിധാനത്തിന്റെ ധാരണാപത്രവും ഒപ്പുവെച്ചു. മൂന്ന് ദിവസത്തെ സന്ദർശനത്തിനായാണ് വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ മാൽഡീവ്സിൽ എത്തിയത്.

***************************

## BIRLA-ORIENTATION

18-ാം ലോക്സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട പുതിയ എം പി മാർക്കായി പാർലമെന്റ് മന്ദിരത്തിൽ സംഘടിപ്പിച്ച പരിശീലന പരിപാടി സ്പീക്കർ ഓം ബിർള ഉദ്‌ഘാടനം ചെയ്തു. അംഗങ്ങളുടെ അവകാശ സംരക്ഷകനായ സ്പീക്കർ, ഒരു പാർട്ടിക്കും പ്രത്യയ ശാസ്ത്രത്തിനും അടിസ്ഥാനമായിയല്ല പ്രവർത്തിക്കുന്നതെന്ന് അദ്ദേഹം വ്യക്തമാക്കി. 18-ാം ലോക്സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവരിൽ 280 പേർ പുതിയ അംഗങ്ങൾ ആണെന്നതിൽ ഏറെ സന്തോഷമുണ്ടെന്നും ശ്രീ ഓം ബിർള പറഞ്ഞു.